ഉത്തരം

(എ) 10-2-2003-ൽ 25,000 (ഇരുപത്തയ്യായിരം) രൂപ കൈപ്പറ്റി.

(ബി) ടെലിഫോൺ 3-2-2003-ൽ കട്ട് ചെയ്തു. വൈദ്യുതി വിച്ഛേദിച്ചിട്ടില്ല.

(സി, ഡി) കുറ്റക്കാരായ സർക്കാർ ജീവനക്കാർക്കെതിരെ നടപടി എടുക്കാൻ 1960 -ലെ കേരള സിവിൽ സർവീസസ് (തരംതിരിവും നിയന്ത്രണവും അപ്പീലും) ചട്ടങ്ങൾ നിലവിലുണ്ട്. പ്രസ്തുത ഡോക്ടർക്കെതിരെ എന്തെങ്കിലും നടപടി സ്വീകരിക്കേണ്ടതുണ്ടെങ്കിൽ ഈ നിയമപ്രകാരം നടപടി എടുക്കാവുന്നതാണ്.

ലോകബാങ്ക് സഹായത്തോടെ ആശുപത്രി നവീകരണം നടപ്പാക്കുന്ന കൂത്തുപറമ്പ് മണ്ഡലത്തിലെ ആശുപത്രികൾ

57 [5918] ശ്രീ. പി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോകബാങ്കിന്റെ സഹായത്തോടെ ആശുപത്രി നവീകരണം നടപ്പാക്കുന്ന പദ്ധതിയിൽ കൂത്തുപറമ്പ് നിയോജകമണ്ഡലത്തിലെ ഏതെല്ലാം ആശുപത്രികളാണ് തെരഞ്ഞെടുത്തിട്ടുള്ളത്;

(ബി) ഓരോ ആശുപത്രിക്കും എത്ര രൂപ വീതമാണ് ഇതിനായി അനുവദിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ, ബി) ലോകബാങ്ക് സഹായത്തോടെ ആശുപത്രി നവീകരണത്തിനുള്ള പദ്ധതി കേന്ദ്രഗവൺമെന്റിന്റെ അംഗീകാരത്തിനുശേഷം പരിഗണനയ്ക്കും അംഗീകാരത്തിനുമായി ലോകബാങ്കിന് സമർപ്പിച്ചിരിക്കുകയാണ്. ലോകബാങ്കിന്റെ അംഗീകാരം ലഭിച്ചതിനു ശേഷമേ വിശദാംശങ്ങൾ ലഭ്യമാവുകയുള്ളൂ.

വടകര താലൂക്ക് ഹോസ്പിറ്റലിൽ ബ്ലഡ് ബാങ്ക് സൗകര്യം ഏർപ്പെടുത്തുന്നതിന് നടപടി

58 [5920] ശ്രീ. മത്തായി ചാക്കോ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വടകര താലൂക്ക് ഹോസ്പിറ്റലിൽ ബ്ലഡ് ബാങ്ക് സൗകര്യം ആരംഭിക്കുന്നതിനായി വാങ്ങിയ സ്ഥലവും കെട്ടിടവും ഉപകരണങ്ങളും പാഴായി പോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ഹോസ്പിറ്റലിൽ ബ്ലഡ് ബാങ്ക് സൗകര്യം ഏർപ്പെടുത്തുന്നതിന് എന്തെങ്കിലും തടസ്സം നിലവിലുണ്ടോ;

(സി) എങ്കിൽ ആയത് പരിഹരിച്ച് ബ്ലഡ് ബാങ്ക് സൗകര്യം ഏർപ്പെടുത്താൻ തയ്യാറാകുമോ?

LIBRARY ARCHIVES Kerala Legislative Assembly